# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1805** — **04.10.2011 ൽ മറുപടിക്ക്**

**" താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി '**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്യാബിനറ്റ് തീരുമാനമുണ്ടായതനുസരിച്ച് പത്ത് വർഷം പൂർത്തിയാക്കിയ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിൽ എത്ര പേരെ ഇതിനോടകം സ്ഥിരപ്പെടുത്തി എന്നു പറയുമോ ; ഇതിൻപ്രകാരം ആലപ്പുഴ ജില്ലയിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ പേരുവിവരം നൽകുമോ ; | (എ) | പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകളിലെ സാംസ്കാരിക നിലയം, നഴ്സറി സ്കൂൾ എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ചിരുന്നതും തുടർച്ചയായി ജോലി ചെയ്തു വന്നിരുന്നതുമായ 10 വർഷം പൂർത്തിയാക്കിയ 300 ലൈബ്രേറിയൻമാർ, 147 നഴ്സറി ടീച്ചർമാർ, 134 ആയമാർ എന്നിവരെ 6.08.2010 ലെ സ.ഉ(എം.എസ്) നമ്പർ 170/2010/തസ്വഭവ പ്രകാരം പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിൽ 20 ലൈബ്രേറിയൻമാർ, 04 നഴ്സറി ടീച്ചർമാർ, 04 ആയമാർ എന്നിവരെ സ്ഥിപ്പെടുത്തിയിട്ടുണ്ട്. ഈ ജീവനക്കാരുടെ പേരു വിവരം സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) തദ്ദേശസ്വയംഭരണ വകുപ്പിൽ ഇപ്രകാരം താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നു പറയുമോ ; തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രസ്തുത തീരുമാനം അടിയന്തിരമായി നടപ്പിലാക്കുമോ ? | (ബി) | പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടാത്ത 10 വർഷം പൂർത്തിയാക്കിയ ശേഷിക്കുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്